ണ് മതാചാര്യന്മാരുടെ കർത്തവ്യം. രാഷ്ട്രീയത്തിന്റെ ഊഷരഭൂമികളിൽ തിക്കിത്തിരക്കി കടന്നുവന്ന് ചെറ്റപ്പുരകൾ കെട്ടി കുടിപാർക്കാനുള്ള നൈമിഷികാകർഷണത്തെ അവർ കുരുന്നിലേ നുള്ളിക്കളയുകതന്നെ വേണം.

3 നവംബർ, 1985

# 54. മത–ജാതി രാഷ്ട്രീയം

'ശരി അത്ത്' കേരളത്തിൽ ചൂടേറിയ ഒരു വിവാദത്തിനു വിഷയം ആയിരിക്കുകയാണല്ലോ. വാസ്തവത്തിൽ, ഇപ്പോൾ നടക്കുന്ന വിവാദം ശരി അത്തിനെപ്പറ്റിയല്ല; ബ്രിട്ടീഷ് ഗവണ്മെന്റ് ഇന്ത്യയിൽ നടപ്പിൽ വരുത്തിയ മുസ്ലീം വ്യക്തിനിയമത്തെപ്പറ്റിയാണ്. വിശുദ്ധ ഖുറാൻപോലെ എന്നെന്നും മാറ്റമില്ലാതെ നിലനിൽക്കുകയും അനുസരിക്കപ്പെടുകയും ചെയ്യേണ്ട ഒന്നാണോ ബ്രിട്ടീഷുകാർ ഇന്ത്യയിലെ മുസ്ലീങ്ങൾക്കു സമ്മാനിച്ച വ്യക്തിനിയമം? ഉദ്ബുദ്ധരായ ഇന്ത്യൻമുസ്ലീങ്ങൾ ഈ ചോദ്യം ഉയർത്തുകയും അതിനു യുക്തിസംഗതമായ ഉത്തരം നൽകുകയും വേണം.

'ഭിന്നിപ്പിച്ചു ഭരിക്കുക' എന്നതു് ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ നയമായിരുന്നു. ഇന്ത്യയിലെ വിഭിന്ന ജനവിഭാഗങ്ങളെ പരസ്പരം ഭിന്നിപ്പിക്കുവാൻ ബ്രിട്ടീഷുകാർ മതത്തെയും ജാതിയെയും സമർത്ഥമായി ഉപയോഗപ്പെടുത്തി. മത അടിസ്ഥാനത്തിലും ജാതി അടിസ്ഥാനത്തിലുമുള്ള സിവിൽ നിയമനിർമാണം ഈ ഭിന്നിപ്പിക്കലിന്റെ ആദ്യനടപടികളിലൊന്നായിരുന്നു. മുസ്ലീങ്ങൾക്കും ഹിന്ദുക്കൾക്കുമായി വെവ്വേറെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കുകയായിരുന്നു മറ്റൊരു ഭിന്നിപ്പിക്കൽ നടപടി. സാധാരണ സ്കൂളുകളിൽനിന്നു വ്യത്യസ്തമായി, അടുത്ത കാലംവരെ മലബാറിൽ 'മാപ്പിള' സ്കൂളുകൾ നിലനിന്നിരുന്നു എന്ന വസ്തുത കേരളീയരിൽ വളരെപ്പേർ ഇപ്പോൾ ഓർമിക്കുന്നുണ്ടാവില്ല. എങ്കിലും ഇന്ത്യാവിഭജനത്തിലേക്കു നയിച്ച മുസ്ലീം ലീഗ് പൊളിറ്റിക്സിന്റെ ഈറ്റില്ലം അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി ആയിരുന്നു എന്ന് അഭ്യസ്തവിദ്യരായ എല്ലാ ഇന്ത്യാക്കാരും അറിഞ്ഞിരിക്കും.

മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലുള്ള ഭിന്നിപ്പിക്കൽ ഇന്ത്യയിൽ ഏറ്റവും രൂക്ഷമായതു്, തെരഞ്ഞെടുപ്പുകൾ മത—ജാതി അടിസ്ഥാനത്തിലാക്കുന്നതിനുള്ള ബ്രിട്ടീഷുകാരുടെ നീക്കത്തോടെയാണ്. ഹിന്ദുസമൂഹത്തിലെ 'പട്ടിക'ജാതിക്കാർക്കു് പ്രത്യേക നിയോജകമണ്ഡലങ്ങൾ ഉണ്ടാക്കുന്നതിനുള്ള ബ്രിട്ടീഷ് ഗവണ്മെന്റിന്റെ തീരുമാനം മാറ്റിയെടുക്കുന്നതിന് മഹാത്മാഗാന്ധിക്കു് സ്വന്തം ജീവൻ പണയപ്പെടുത്തി, നീണ്ട ഒരു ഉപവാസം അനുഷ്ഠിക്കേണ്ടിവന്നു. ചില നിയോജകമണ്ഡലങ്ങളിൽ ഹരിജനങ്ങൾ മാത്രമേ സ്ഥാനാർത്ഥികളായി നില്ക്കാവൂ എന്ന വ്യവസ്ഥ—സംവരണം—ഉണ്ടെങ്കിലും, ജാതി–മത അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് ഒഴിവാക്കിക്കൊണ്ടാണ് സ്വതന്ത്രഭാരതത്തിന്റെ ഭരണഘടന രൂപവത്ക്കരിക്കപ്പെട്ടിട്ടുള്ളതു്. മുസ്ലീമിന്റെ വോട്ട് മുസ്ലീമിനു്, 'പട്ടിക'ജാതിക്കാരന്റെ വോട്ട് 'പട്ടിക'ജാതിക്കാരനു്, സവർണഹിന്ദുവിന്റെ വോട്ട് സവർണഹിന്ദുവിനു്, ക്രിസ്ത്യാനിയുടെ വോട്ട് ക്രിസ്ത്യാനിക്കു്, സിഖിന്റെ വോട്ട് സിഖിനു് എന്ന വൈകൃതം നമ്മുടെ ഭരണഘടനാ നിർമാതാക്കൾ ഒഴിവാക്കി.

എങ്കിലും, സർക്കാർ ഉദ്യോഗങ്ങളിലും, അവയിലേക്ക് പ്രവേശനം ലഭിക്കുന്നതിനു് ആവശ്യമായ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളിലും, മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലുള്ള സംവരണം നിലനിന്നു. ഭരണഘടന നിർമിക്കുമ്പോൾ ഉദ്ദേശിക്കാതിരുന്ന പല മേഖലകളിലേക്കും സംവരണം പിന്നീട് വ്യാപിക്കുകയും ഉണ്ടായി. തങ്ങളുടെ മതവും സംസ്കാരവും സംരക്ഷിക്കുന്നതിനു് ന്യൂനപക്ഷങ്ങൾക്കു ഭരണഘടനയിലൂടെ നല്കപ്പെട്ടിരുന്ന പ്രത്യേകാവകാശങ്ങൾ, ഭരണഘടനയിൽ ഉദ്ദേശിക്കപ്പെടാത്ത, തികച്ചും ഭൗതികങ്ങളായ, പ്രവർത്തനരംഗങ്ങളിലേക്കു വ്യാപിപ്പിക്കപ്പെട്ടു. തെരഞ്ഞെടുപ്പിൽ വോട്ടു ചോദിക്കുന്നതിനും കൊടുക്കുന്നതിനും മതവും ജാതിയും മുഖ്യ ഉപാധികളായിത്തീന്നു. എല്ലാ രാഷ്ട്രീയപ്പാർട്ടികളും സ്ഥാനാർത്ഥികളെ നിർത്തുന്നതും തെരഞ്ഞെടുപ്പുപ്രചാരവേല നടത്തുന്നതും, മിക്കപ്പോഴും മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലായി. ഇതിനുപുറമെ, മത–ജാതി സംഘടനകൾ നേരിട്ടോ ഒരു മത–ജാതി നിരപേക്ഷസംഘടനയുടെ പേരാകുന്ന പൊയ്മുഖം ഉപയോഗിച്ചോ, തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളെ നിർത്താനും തുടങ്ങി. മത–ജാതി നിരപേക്ഷങ്ങളായ രാഷ്ട്രീയ സംഘടനകളിൽച്ചേർന്നു് തെരഞ്ഞെടുക്കപ്പെട്ടവർതന്നെ, നിയമസഭകൾക്കു്, മന്ത്രിസഭകൾക്കുപോലും, അകത്തു് മതവും ജാതിയും അനുസരിച്ച വേർതിരിഞ്ഞു സംഘടിക്കുന്നതും അസാധാരണമല്ലാതായി.

മലമ്പനി ഒരിക്കൽ വന്നാൽ പിന്നീടു് സ്ഥിരമായി മാറിക്കിട്ടാൻ പ്രയാസമാണല്ലോ. മത–ജാതി വാദമെന്ന രോഗം സമൂഹത്തിനു് ഒരിക്കൽ പിടിപെട്ടാൽ, പിന്നെ അതു മാററുക പ്രയാസം മാത്രമല്ല, അസാദ്ധ്യംതന്നെയാണു്. അടിമഭാരതത്തിലെന്നപോലെ സ്വതന്ത്രഭാരതത്തിലും ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഇടയിലുള്ള അന്തരം നിലനില്ക്കുന്നു. നിലനില്ക്കുന്നു എന്നല്ല പറയേണ്ടതു്, വർദ്ധിച്ചുവരുന്നു എന്നാണു്. മുസ്ലീങ്ങൾ പശുക്കളെ കൊല്ലുന്നതിന്റെയും ഹിന്ദുക്കൾ പള്ളികൾക്കു മുന്നിലൂടെ വാദ്യഘോഷങ്ങളുമായി എഴുന്നെള്ളിപ്പുകൾ നടത്തുന്നതിന്റെയും പേരിലാണു് ബ്രിട്ടീഷ് ഭരണകാലത്തു് ഹിന്ദു–മുസ്ലീം സംഘട്ടനങ്ങൾ അധികവും നടന്നിരുന്നതു്. ഇപ്പോഴിപ്പോൾ മററു പല കാരണങ്ങൾകൊണ്ടും, പ്രകടമായ ഒരു കാരണവുമില്ലാതെയും, ഹിന്ദു–മുസ്ലീം–സംഘട്ടനങ്ങൾ ഇന്ത്യയിൽ പലേടത്തും ഉണ്ടാവാറുണ്ടു്. ഇക്കഴിഞ്ഞ മുപ്പതുവർഷങ്ങൾക്കുള്ളിൽ ഇന്ത്യയിൽ എത്ര ഹിന്ദു–മുസ്ലീം സംഘട്ടനങ്ങൾ നടന്നിട്ടുണ്ടു്? കൃത്യമായ വിവരം കിട്ടാൻ പ്രയാസം. പാർലമെൻറിൽ ഗൃഹമന്ത്രാലയം സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ടുകളാണു് ഇതു സംബന്ധിച്ച ഔദ്യോഗികരേഖകൾ. ഇവയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കണക്കുകൾ എങ്ങനെ ഇരുന്നാലും, ഓരോ ആണ്ടിലും ഏതാണ്ടു് ഇരുനൂറു് സാമുദായിക ലഹളകൾവീതം ഇന്ത്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു് എന്നാണു് അനൗദ്യോഗികമായി കണക്കാക്കപ്പെട്ടിട്ടുള്ളതു്. ഈ ലഹളകൾ നിമിത്തം ആയിരക്കണക്കിനു് ജീവനും കോടിക്കണക്കിനു് രൂപ വിലവരുന്ന സ്വത്തുക്കളും ആണ്ടുതോറും നഷ്ടപ്പെട്ടുവരുന്നു. ജാതിയുടെ അടിസ്ഥാനത്തിലുള്ള കലാപങ്ങൾ ഏതു് അതിർത്തിവരെ പോകാമെന്നു്, സാധാരണജീവിതം മിക്കവാറും സ്തംഭിച്ച ഗുജറാത്തിലെ ഇന്നത്തെ സ്ഥിതിയിൽനിന്നു് ഊഹിക്കാവുന്നതാണു്. സംവരണവിരുദ്ധ കലാപങ്ങളിൽ ഗുജറാത്തിൽ ഇന്നോളം നൂററിത്തൊണ്ണൂറേറഴുപേർ മരിച്ചിരിക്കുന്നു. ഒരു ചെറിയ യുദ്ധത്തിൽ ഉണ്ടാവുന്ന ജീവഹാനിയേക്കാൾ എത്രയോ അധികമാണിതു്. സിഖ് വിഘടനവാദം ഇന്ത്യയ്ക്കു് ആകെ വരുത്തിവെച്ച വിനകളെപ്പററി പറയേണ്ടതുമില്ല.

മതത്തെ ഈശ്വരനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഒതുക്കി

നിർത്തുകയും, ജാതിഭേദം തികച്ചും ഇല്ലാതാക്കുകയും, ഭൗതികജീവിതത്തെ നിയന്ത്രിക്കുന്ന നിയമങ്ങളെയും നടപടികളെയും മതനിരപേക്ഷമാക്കി ഏകീകരിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രമേ ഇന്ത്യയെപ്പോലുള്ള ഒരു ബഹു-മത—ജാതി—വർഗ്ഗ രാഷ്ട്രത്തിന് പുരോഗതി നേടുവാൻ സാധിക്കുകയുള്ളൂ. ഒരു രാഷ്ട്രമെന്ന നിലയിൽ നമ്മുടെ അസ്തിത്വംപോലും ഭരണതന്ത്രത്തിന്റെ മതനിരപേക്ഷതയിൽ ഊന്നിനില്ക്കുന്നു.

ഭരണതന്ത്രം മതനിരപേക്ഷമാക്കുന്നതിന്റെ ആദ്യത്തെ പടി, തെരഞ്ഞെടുപ്പുകളിൽനിന്ന് മത—ജാതി സംഘടനകളെ ഒഴിച്ചുനിർത്തുകയാണ്. സ്വതന്ത്രഭാരതത്തിൽ മത—ജാതി സംഘടനകൾക്കുള്ള സാധൂകരണം മത-സാംസ്കാരിക രംഗങ്ങളിലുള്ള അവയുടെ പ്രവർത്തനം മാത്രമാകുന്നു. മതരംഗത്തും സാംസ്കാരികരംഗത്തും പ്രവർത്തനം ഒതുക്കിനിർത്തേണ്ട മത-ജാതി സംഘടനകൾ രാഷ്ട്രീയരംഗത്ത് പ്രവർത്തിച്ചുകൂടാ. പഞ്ചായത്തുമുതൽ പാർലമെന്റുവരെയുള്ള തെരഞ്ഞെടുപ്പുകളിൽ മത—ജാതി സംഘടനകൾ സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കുന്നതും മതജാതി അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു പ്രചാരവേല നടത്തുന്നതും നിയമം ഉണ്ടാക്കി നിരോധിക്കുകതന്നെ വേണം. ഈ തത്ത്വം അംഗീകരിച്ച് നടപ്പിൽ വരുത്തുകയാണെങ്കിൽ, മുസ്ലീം ലീഗുകൾ, അകാലി സംഘടനകൾ മുതലായവയ്ക്ക്, ഇന്ന് അവ ചെയ്യുന്നതുപോലെ തെരഞ്ഞെടുപ്പിൽ നേരിട്ടോ കൂട്ടുകെട്ടുകളിലൂടെയോ പങ്കെടുക്കുക അസാദ്ധ്യമായിവരും. ജാതിസംഘടനകളുടെ രാഷ്ട്രീയ പുരഃക്ഷേപം (പൊളിററിക്കൽ പ്രൊജക്ഷൻ) മാത്രമായ എൻ. ഡി. പി., എസ്. ആർ. പി. മുതലായ സംഘടനകൾക്കു തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളെ നേരിട്ടോ കൂട്ടുകെട്ടുകളിലൂടെയോ നിർത്താനും തെരഞ്ഞെടുപ്പുപ്രചാരവേലയിൽ പങ്കെടുക്കാനുമുള്ള അവകാശവും പരിശോധിക്കപ്പെടേണ്ടതായിവരും. കേരളത്തിലും മററു ചില സംസ്ഥാനങ്ങളിലും ഇന്നു നിലവിലുള്ള വ്യവസ്ഥിതി—സന്തുലനം എന്നുതന്നെപറയാം—തല്ക്കാലം തകരാറിലാക്കുമെങ്കിലും, ഇത്തരത്തിലുള്ള ഒരു പുനശ്ചിന്തനം സമൂഹത്തിന്റെ ആരോഗ്യത്തിൽ അനുപേക്ഷണീയമായിത്തീർന്നിട്ടുണ്ട്. ആരംഭദശയിൽ ക്യാൻസറിന് ഏററവും നല്ല പ്രതിവിധി ശസ്ത്രക്രിയയാണ്. വ്യക്തിശരീരത്തിനു പററിയ ഈ ചികിത്സാവിധി പലപ്പോഴും സമൂഹശരീരത്തിലും ആവശ്യമായിവരും.

രാഷ്ട്രീയകാര്യങ്ങളിൽ മത-ജാതി സംഘടനകൾ കൈയിടുന്നത് നിയമം നിർമിച്ചു നിരോധിക്കേണ്ടതാണെന്ന ബോധം ഇന്ത്യൻ ഭരണഘടന രൂപവത്ക്കരിക്കുന്നവർക്കുതന്നെ ഉണ്ടായിരുന്നു. 'ഭരണഘടനപ്രകാരമോ നടപടിപ്രകാരമോ മതം, വർഗം, ജാതി എന്നിവയെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്ന സാമുദായികസംഘടനകളെ, അതതു സമുദായത്തിന്റെ സംസ്കാരം സംരക്ഷിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളിലല്ലാതെ, മററു പ്രവർത്തനങ്ങളിൽ ഇടപെടുവാൻ അനുവദിച്ചുകൂടെന്ന് ഈ അസംബ്ലി തീരുമാനിക്കുന്നു' എന്ന ഒരു പ്രമേയം, ഭരണഘടനാ നിർമാണസമിതി (കോൺസ്റ്റിററ്യുവന്റ് അസംബ്ലി)യിൽ 1948 ഏപ്രിൽ 8-ാം തീയതി ശ്രീ അനന്തശയനം അയ്യങ്കാർ അവതരിപ്പിക്കുകയുണ്ടായി. ഈ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് ജവാഹർലാൽ നെഹ്രു പറഞ്ഞു:

'സാമുദായികവാദത്തിന്റെ രൂപത്തിലുള്ള മത—രാഷ്ട്രീയ കൂട്ടുകെട്ട് ഏററവും ആപല്ക്കരമായ ഒരു കൂട്ടുകെട്ടായിരിക്കും. ഇതു നാം മനസ്സിൽ വ്യക്തമായി ധരിക്കണം; രാഷ്ട്രവും മനസ്സിൽ വ്യക്തമായി ധരിക്കണം. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും കൂട്ടുകെട്ടിൽനിന്നു പിറക്കുക അതിബീഭത്സമായ ഒരു തന്തയില്ലാപ്പടപ്പ് ആയിരിക്കും.'

ശ്രീ അയ്യങ്കാരുടെ പ്രമേയത്തിൽ ആവശ്യപ്പെട്ടതുപോലെ മത–ജാതി സംഘടനകളുടെ രാഷ്ട്രീയപ്രവർത്തനം വിലക്കുന്ന ഒരു വകുപ്പ് നിർഭാഗ്യവശാൽ, ഭരണഘടനയിൽ എഴുതിച്ചേർക്കപ്പെട്ടില്ല. അതേസമയം ജവാഹർലാൽ നെഹ്റു ഭയപ്പെട്ട തരത്തിലുള്ള ബീഭത്സമായ ഒരു തന്തയില്ലാപ്പടപ്പ് ഇന്ത്യയിൽ പിറന്നു വളർന്നുകൊണ്ടിരിക്കുകയുമാണ്. നാം ഈ വിപത്തു കണ്ടറിഞ്ഞു പരിഹരിക്കാൻ ഇനിയും വൈകിച്ചുകൂടാ. ഭീകരപ്രവർത്തനങ്ങൾ തടയുന്നതിന് കർശനമായ നിയമം നമ്മുടെ പാർലമെൻറ് ഈയിടെ പാസ്സാക്കുകയുണ്ടായി. ഈ നിയമത്തിന് സാധാരണ ജനങ്ങൾ ഹാർദമായ സ്വാഗതമാണ് നൽകിയിട്ടുള്ളത്. മത–ജാതി സംഘടനകൾ രാഷ്ട്രീയപ്രവർത്തനം നടത്തുന്നതു കർശനമായി നിരോധിക്കുന്ന നിയമം ഉണ്ടാക്കുകയാണെങ്കിൽ അതിനും മത–ജാതി രാഷ്ട്രീയത്തിൻെറ ദുരന്തങ്ങൾ കണ്ടറിഞ്ഞ സാധാരണ ഭാരതീയർ സ്വാഗതം നൽകാതിരിക്കുകയില്ല.

പക്ഷേ, അടിസ്ഥാനപരമായ ഇത്തരമൊരു നിയമം ആവിഷ്കരിച്ചു നടപ്പിൽ വരുത്തുന്നതിന് ഭരണകക്ഷിക്കു കരുത്തുണ്ടാവുമോ? കാലുമാററം തടയുന്നതിന് നിയമംകൊണ്ടുവന്ന കോൺഗ്രസ് കക്ഷി, മത–ജാതി–സംഘടനകൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതു നിരോധിക്കാൻ ധൈര്യപ്പെടുമോ? മതത്തിൻെറയും ജാതിയുടെയും അടിസ്ഥാനത്തിലല്ലാതെ, തങ്ങൾ ചെയ്ത കാര്യങ്ങളുടെയും ചെയ്യാൻ നിശ്ചയിച്ച കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ, രാഷ്ട്രീയമായി, ജനങ്ങളെ നേരിടാമെന്നും, വോട്ട് നേടാമെന്നും കോൺഗ്രസ് കക്ഷിക്ക് ഉറപ്പുണ്ടോ? ഏച്ചുകെട്ട്—നീക്കുപോക്ക്—രാഷ്ട്രീയം എന്നന്നേക്കുമായി കൈവെടിയാൻ ശ്രീ രാജീവ് ഗാന്ധി തയ്യാറാകുമോ?

5 ജൂലൈ, 1985

# 55. മതം ഏതായാലും...

മതത്തിൻെറ അടിസ്ഥാനത്തിൽ രൂപവത്ക്കരിക്കപ്പെട്ട പാകിസ്ഥാൻ പിരിഞ്ഞുപോയി ഒരു സ്വതന്ത്ര–മുസ്ലീം രാഷ്ട്രമായിക്കഴിഞ്ഞിട്ടും, ഇന്ത്യാഉപഭൂഖണ്ഡത്തിലെ അവശേഷിച്ച ഭാഗങ്ങളിലെ ജനങ്ങൾ മതനിരപേക്ഷരാഷ്ട്രസിദ്ധാന്തം മുറുകെപ്പിടിക്കുകയാണുണ്ടായത്. ആധുനികഭാരതത്തിൻെറ ശില്പികൾ കൂട്ടായി ആലോചിച്ചുനിർമിച്ച് രാഷ്ട്രത്തിനു സമർപ്പിച്ച ഭരണഘടനയുടെ അസ്ഥിവാരം പടുത്തുകെട്ടിയിട്ടുള്ളത് മതനിരപേക്ഷതയിലാകുന്നു. മതം ഏതായാലും, എല്ലാ പൗരന്മാർക്കും തുല്യമായ അവകാശങ്ങളും തുല്യമായ കടമകളുമാണ് ഇന്ത്യയിൽ ഉള്ളത്. നിയമങ്ങൾ നിർമിക്കുന്ന പാർലമെൻറിലും അവ നടപ്പിൽവരുത്തുന്ന ഗവണ്മെൻറുകളിലും നിയമം യഥാവിധി നിർവഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന കോടതികളിലും മതപരമായ പരിഗണനകൾക്ക് ഒരു സ്ഥാനവും ഇന്ത്യയിൽ നൽകപ്പെട്ടിട്ടില്ല.

അതേസമയം, ചരിത്രപരങ്ങളായ കാരണങ്ങളാൽ പിൻതള്ളപ്പെട്ടുപോയ ഹരിജനങ്ങൾക്കും ഗോത്രവർഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും, ഒരു നിശ്ചിതകാലത്തേക്ക്, ചില മണ്ഡലങ്ങളിൽ, ചില പ്രത്യേക പരിഗണനകൾ ഇന്ത്യൻഭരണഘടന നൽകുകയുണ്ടായി. സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതി നേടി, പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾ പുരോഗമിച്ച വിഭാഗങ്ങളോടു തുല്യത നേടുന്നതോടെ ഈ പ്രത്യേക